പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5654** **27.03.2018-ൽ മറുപടിയ്ക്ക്**

## ചിറ്റൂർ മോട്ടോർ വെഹിക്കിൾ ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീ. എ . കെ . ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന് വർഷമായി ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം നൽകിയിട്ടും വാടക കെട്ടിടത്തിൽ നിന്നും ചിറ്റൂർ മോട്ടോർ വെഹിക്കിൾ ഓഫീസ് മാറ്റാൻ തയ്യാറാകാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | ചിറ്റൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് 21/10/2016 തീയതിയിൽ മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലം ഫർണിഷ് ചെയ്യുന്നതിനായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കെ.എസ്.ഐ.ഇ-യിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിച്ചപ്പോഴേക്കും പ്രസ്തുത സ്ഥാപനത്തിന് സർക്കാർ അംഗീകാരം നഷ്ടമായിരുന്നു. ഇപ്പോൾ ടി സ്ഥാപനത്തിന് മുൻകാല പ്രാബല്യത്തോടെ സർക്കാർ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ഇക്കാര്യത്തിൽ പുതിയ ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മേൽ കാരണത്താലാണ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് ഓഫീസ് മാറ്റുന്നതിന് കാലതാമസമുണ്ടായത്. |
| (ബി) | ഇതിൽ അഴിമതിയോ തദ്ദേശീയ ഇടപെടലോ ഉദ്യോഗസ്ഥരുടെ നിക്ഷിപ്ത താല്പര്യമോ ഉണ്ടെങ്കിൽ അതെപ്പറ്റി അന്വേഷണം നടത്തുമോ; | (ബി) | അഴിമതിയോ, തദ്ദേശീയ ഇടപെടലോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇന്നുവരെ പ്രസ്തുത ഓഫീസിന് വാടക ഇനത്തിലും വൈദ്യുതി ഇനത്തിലും നൽകിയ തുക മാസം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കാമോ; താലൂക്ക്സഭയുടെ കർശന നിർദ്ദേശം പാലിക്കാത്ത പ്രസ്തുത ഓഫീസിന്റെ മേധാവി, ജില്ലാ മേധാവി എന്നിവരിൽനിന്നും പ്രസ്തുത തുക ഈടാക്കാൻ സർക്കാർ തയ്യാറാകുമോ; | (സി) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നുള്ള ലഭ്യതാരഹിത സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ 21/10/2016 മുതലുള്ള വാടക കൊടുക്കാൻ കഴിഞ്ഞിട്ടില്ല.<br>ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ നൽകിയ തുകയുടെ വിവരം താഴെക്കൊടുക്കുന്നു.<br>ഒക്ടോബർ 2016 – 9057/-, നവംബർ 2016- 10376/-, ഡിസംബർ 2016 -11170/-, ജനുവരി 2017 -10647/-, ഫെബ്രുവരി 2017 – 10123/-, മാർച്ച് 2017 – 9833/-, ഏപ്രിൽ 2017 – 11385/-, മേയ് 2017 – 11143/-, ജൂൺ 2017 – 9854/-, ജൂലൈ 2017 – 8695/-, ആഗസ്റ്റ് 2017 -9966/-, സെപ്റ്റംബർ 2017 – 10247/-, ഒക്ടോബർ 2017 – 11434/-, നവംബർ 2017 – 11210/-, ഡിസംബർ 2017 – 11836/-, ജനുവരി 2018 -11406/-, ഫെബ്രുവരി 2018 – 11229/-, മാർച്ച് 2018 -11664/-, ആകെ – 191275/-.<br>നടപടിക്രമങ്ങളിലെ കാലതാമസം മൂലമാണ് ഓഫീസ് മാറ്റി പ്രവർത്തിക്കുന്നതിന് തടസ്സമായി കാണുന്നത്. അതിനാൽ വാടകയിനത്തിലും മറ്റും ചെലവായ തുക ഓഫീസ് മേധാവികളിൽ നിന്നും ഈടാക്കണമെന്ന ആവശ്യം പരിഗണിക്കാനാവില്ല. |
| (ഡി) | പ്രസ്തുത ആർ ടി ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് സമയബന്ധിതമായി മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നടപടി ക്രമത്തിലെ കാലതാമസമാണ് ഓഫീസ് മാറ്റം നടക്കാത്തതിനുള്ള കാരണം. ചിറ്റൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും എത്രയും വേഗം ഓഫീസ് മാറ്റൽ നടപടികൾ പൂർത്തിയാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ